പി. എസ്. സി. അംഗങ്ങളുടെ ഒഴിവുകൾ

21 [29] *ശ്രീ. ടി. എൻ. പ്രതാപൻ :*
ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. എൻ. ഡി. അപ്പച്ചൻ :
,, *എ. കെ. മണി :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള ഉത്തരവുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാന പി. എസ്. സി. യുടെ അംഗസംഖ്യയെത്ര;

(ബി) പി. എസ്. സി.-യിൽ നിലവിൽ എത്ര അംഗങ്ങളുണ്ട്;

(സി) ഇവരെ നിയമിച്ചത് ഏത് ഗവൺമെന്റിന്റെ കാലത്താണ്;

(ഡി) ഇവരുടെ കാലാവധി എന്നവസാനിക്കും എന്നു വ്യക്തമാക്കുമോ;

(ഇ) പി. എസ്. സി.-അംഗങ്ങളുടെ നിലവിലുള്ള ഒഴിവു നികത്തുവാൻ ആലോചിക്കുന്നുണ്ടോ;

(എഫ്) എങ്കിൽ എന്നേക്ക് നികത്തുവാൻ സാധിക്കും എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) ചെയർമാൻ അടക്കം പതിനഞ്ച്.

(ബി) ചെയർമാൻ അടക്കം ആറ് പേരുണ്ട്.

(സി) 1996-2001 കാലഘട്ടത്തിലെ ശ്രീ. ഇ. കെ. നായനാർ മന്ത്രിസഭയുടെ കാലത്താണ് ഇവരെ നിയമിച്ചത്.

(ഡി) നിയമനത്തിനുശേഷം ആറുവർഷം അല്ലെങ്കിൽ 62 വയസ്സുവരെയാണ് ചെയർമാന്റെയും അംഗങ്ങളുടെയും സേവനകാലാവധി. ഇപ്രകാരം ചെയർമാന് 18-8-2006 വരെയും രണ്ട് അംഗങ്ങൾക്ക് 5-9-2006 വരെയും മറ്റു മൂന്നുപേർക്ക് 15-3-2007 വരെയും സർവ്വീസിൽ തുടരാവുന്നതാണ്.

(ഇ) & (എഫ്) ഇക്കാര്യം പരിഗണനയിലാണ്.

പി. എസ്. സി. മുഖേനയുള്ള നിയമനങ്ങൾ

22 [31] *ശ്രീ. എ. സി. മൊയ്തീൻ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ ഡിപ്പാർട്ടുമെന്റുകളിൽ നിന്നും എത്ര ഒഴിവുകൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് ;

(ബി) പ്രസ്തുത ഒവിവുകളിൽ എത്രപേരെ പി. എസ്. സി. അഡ്വൈസ് ചെയ്തു എന്നും എത്രപേർക്ക് ഇനിയും അഡ്വൈസ് അയയ്ക്കാനുണ്ട് എന്നും അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly